## (41.) കുരമ്പാല സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നേതൃത്വം കൊടുത്ത പുനരൈക്യപ്രസ്ഥാനം ആദ്യകാലങ്ങളിൽ തന്നെ കുരമ്പാല പ്രദേശത്തും ആരംഭിച്ചിരുന്നു. പന്തളം കുരമ്പാല സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിലെ സജീവ അംഗങ്ങളായിരുന്ന ഏതാനും കുടുംബങ്ങൾ മലങ്കര കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ തീരുമാനിച്ചതോടെയാണ് കുരമ്പാല മലങ്കര കത്തോലിക്കാ ദൈവാലയം ആരംഭിക്കാൻ സാധിച്ചത്.

ചെറുവള്ളിൽ തെക്കേതിൽ തോമസ്, മാത്യു, കോയിക്കൽ വടക്കേതിൽ യോഹന്നാൻ എന്നീ സഭാംഗങ്ങളും 2 ഹൈന്ദവ സഹോദരങ്ങളും നൽകിയ സ്ഥലത്താണ് നമ്മുടെ ദൈവാലയം ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. ഇവരിൽ നിന്നും വസ്തു വാങ്ങിയത് 1953-54 കാലഘട്ടത്തിലാണ്. ഈ സ്ഥലത്ത് പള്ളി പണി പൂർത്തിയാകുന്നതുവരെ ആരാധന നടത്തുവാൻ കോയിക്കൽ പടിഞ്ഞാറ്റേതിൽ വർഗീസ് (പാപ്പി) എന്ന സഭാംഗം കുരമ്പാല ജംഗ്ഷൻ സമീപമുള്ള തന്റെ ഭവനം ദൈവാലയത്തിനായി വിട്ടുനൽകിയിരുന്നു. ഏകദേശം 2 വർഷത്തോളം ഈ ഭവനത്തിലാണ് വിശുദ്ധ കുർബാന ഉൾപ്പെടെയുള്ള ആരാധന നടത്തിയിരുന്നത്. 1955-ൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ദൈവാലയം ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് കൂദാശ ചെയ്തു. ദൈവാലയം സ്ഥാപിക്കാൻ മുൻകൈ എടുത്ത അഭിവന്ദ്യ ഗ്രീഗോറിയോസ് പിതാവ്, ബഹു.യൗനാൻ ഞാപ്പള്ളിൽ അച്ചൻ, ബഹു. തോമസ് ഇഞ്ചക്കലോടി അച്ചൻ, ചെറുവള്ളിൽ തെക്കേതിൽ തോമസ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**ഇടവകയിലെ ആദ്യകാല കുടുംബങ്ങൾ**

1. പുളിനിൽക്കുന്നതിൽ - ചാക്കോ, തോമസ്, യോഹന്നാൻ
2. കോയിക്കൽ പടിഞ്ഞാറ്റേതിൽ - വർഗീസ്
3. ചെറുവള്ളിൽ തെക്കേതിൽ - തോമസ്
4. തയ്യിൽ കിഴക്കേതുണ്ടിൽ - മത്തായി
5. നിലക്കൽ തെക്കേതിൽ - വർഗീസ്, തോമസ്
6. വടക്കേക്കര പടിഞ്ഞാറ്റേതിൽ - വർഗീസ് കോശി, വർഗീസ് കൊച്ചുകുഞ്ഞ്
7. പറക്കുന്നിൽ പുത്തൻവീട് - കോശി
8. കോയിക്കൽ വടക്കേതിൽ - യോഹന്നാൻ
9. തേവരുകിഴക്കേതിൽ - ദാനിയേൽ

**കുരിശടി**

1962 - 63 കാലഘട്ടത്തിൽ ദൈവാലയത്തിന് മുൻവശത്തായി എം.സി.റോഡിനോട് ചേർന്ന് പരിശുദ്ധ ദൈവ മാതാവിന്റെ നാമത്തിൽ മനോഹരമായ കുരിശടി പൂർത്തിയാക്കി കൂദാശ ചെയ്തു.

**വികാരിമാർ**

1. ഫാ. തോമസ് ഇഞ്ചക്കലോടി
2. ഫാ. യൗനാൻ ഞാപ്പള്ളിൽ
3. ഫാ. അലക്സാണ്ടർ പമ്പുരേത്ത്

4. ഫാ. ജേക്കബ് വിളയിൽ
5. ഫാ. തോമസ് തെക്കേടത്ത്
6. ഫാ. ജോസ് കടകം പള്ളിൽ
7. ഫാ. അലക്സാണ്ടർ കോയിക്കലേത്ത്
8. ഫാ. മാത്യു പൊൻമേലിൽ
9. ഫാ. ഇടിക്കുള പാണ്ടിയത്ത്
10. ഫാ. ഗീവർഗീസ് മാടമണ്ണിൽ
11. ഫാ. ജോസഫ് കടകംപള്ളിൽ
12. ഫാ. ഏബ്രഹാം വാവോലിമേപ്പുറത്ത്
13. ഫാ. ഡൊമിനിക്ക് സഖറിയ
14. ഫാ. മാത്യു തുരുത്തിയിൽ
15. ഫാ. സ്ലീബാദാസ് ചരിവുപുരയിടത്തിൽ
16. ഫാ. മാത്യു പുതുപ്പറമ്പിൽ
17. ഫാ. സ്റ്റീഫൻ മാത്യു
18. ഫാ. ജോഷി വാഴപ്പിള്ളേത്ത്
19. ഫാ. മാത്യു മരോട്ടിമൂട്ടിൽ
20. ഫാ. ഗീവർഗീസ് എഴിയത്ത്
21. ഫാ. തോമസ് മേപ്പുറത്ത്
22. ഫാ. ജോൺ ചക്കുള്ളിടത്ത്
23. ഫാ. ജോസഫ് കുരുമ്പിലേത്ത്
24. ഫാ. ഗീവർഗീസ് പെരുമല
25. ഫാ. വർഗീസ് ചാമക്കാലായിൽ
26. ഫാ. ജിമ്മി ആലുനിൽക്കുന്നതിൽ
27. ഫാ. ക്രിസ്റ്റി തേവള്ളിൽ
28. ഫാ. റോബിൻ തൈക്കുട്ടത്തിൽ (2019 ജൂലൈ മുതൽ)

**കുടുംബങ്ങൾ**

ഇടവകയിൽ ഇപ്പോൾ ആകെ 49 കുടുംബങ്ങളുണ്ട്.

**വൈദിക മന്ദിരം**

വൈദീക മന്ദിരം 2002-ൽ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ കൂദാശ ചെയ്തു

റവ. ഫാ. സ്റ്റീഫൻ മാത്യു, റവ. ഫാ. ജോഷി വാഴപ്പിള്ളേത്ത് റവ.ഫാ. മാത്യു മരോട്ടിമുട്ടിൽ എന്നിവരായിരുന്നു വൈദീക മന്ദിരം പണി സമയത്തെ വികാരിമാർ.

**പാരീഷ് ഹാൾ**

പാരീഷ്ഹാളിന് 2016 ജൂലൈ 15 ന് വികാരി ഫാ. ക്രിസ്റ്റി തേവള്ളിൽ ശിലാസ്ഥാപനം നടത്തി. 2018 ഫെബ്രുവരി 10 ന് പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് ഹാളിന്റെ കൂദാശ നിർവഹിച്ചു.

**ദൈവ വിളികൾ**

സിസ്റ്റർ ധർമ്മ എസ്.ഐ.സി ഇടവക അംഗമാണ്. 1975 മെയ് 10 ന് സന്ന്യാസിനി പ്രത വാഗ്ദാനം സ്വീകരിച്ചു.

ഫാ. തോമസ് മുകളും പുറത്ത് ഇടവക അംഗമാണ്. 2002 ഡിസംബർ 26 ന് വൈദീകപട്ടം സ്വീകരിച്ചു.

**ദൈവാലയ പുനരുദ്ധാരണം**

1992-ൽ റവ. ഫാ. ഗീവർഗീസ് മാടമണ്ണിൽ വികാരി ആയിരുന്ന സമയത്ത് ദൈവാലയ പുനരുദ്ധാരണം നടത്തി. കാലം ചെയ്ത ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂദാശ കർമ്മം നടത്തി. 2006-ൽ റവ. ഫാ. ഗീവർഗീസ് എഴിയത്ത് വികാരി ആയിരുന്ന സമയത്ത് ദൈവാലയ പുനരുദ്ധാരണം നടത്തി. ബഹുമാനപ്പെട്ട വൈദീകർ ചേർന്ന് കൂദാശ നടത്തി. 2011, 2012 വർഷങ്ങളിൽ റവ. ഫാ. ജോൺ ചക്കുള്ളിടത്ത്, റവ. ഫാ. ജോസഫ് കുരുമ്പിലേത്ത് എന്നിവർ വികാരിമാർ ആയിരുന്ന സമയത്ത് ദൈവാലയ പുനരുദ്ധാരണം നടത്തി. 2012-ൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശ കർമ്മം നിർവഹിച്ചു.

**രജത ജൂബിലി**

ഇടവകയുടെ രജത ജൂബിലി 1982-ൽ ആഘോഷിച്ചു. കാലം ചെയ്ത അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മുഖ്യാതിഥിയായി പങ്കെടുത്തു. റവ. ഫാ. അലക്സാണ്ടർ കോയിക്കലേത്ത് ആയിരുന്നു വികാരി.

**സുവർണ ജുബിലി**

ഇടവകയുടെ സുവർണ ജൂബിലി 2007-ൽ ആഘോഷിച്ചു. മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാ ബാവ മുഖ്യാതിഥിയായി പങ്കെടുത്തു. ഫാ. ഗീവർഗീസ് എഴിയത്ത് ആയിരുന്നു വികാരി. കുരമ്പാല ദൈവാലയത്തിന് സമീപമുള്ള ശ്രീചിത്രോദയം ഗ്രന്ഥശാലയുടെ പുനരുദ്ധാരണത്തിന് കാലം ചെയ്ത അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് സാമ്പത്തിക സഹായം ചെയ്തിരുന്നു. ഈ സഹായത്തെ നാട്ടുകാർ ഇപ്പോഴും നന്ദിയോടെ ഓർക്കുന്നു.